"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - 2024 വർഷത്തെ സർക്കാർ ഡയറി അച്ചടിക്ക് ആവശ്യമായ സൂപ്പർ പ്രിന്റിംഗ് പേപ്പർ 70 ജി.എസ്.എം.,76- സെ.മീ.റീൽ വാങ്ങുന്നതിന് പർച്ചേസ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.131/2023/SPD തീയതി,തിരുവനന്തപുരം, 30-10-2023

---

പരാമർശം:-
1. 20.07.2023-ലെ സ.ഉ.(സാധാ) 71/2023/SPD നമ്പർ സർക്കാർ ഉത്തരവ്
2. സ്റ്റേഷനറി കൺട്രോളറുടെ 20.09.2023-ലെ 1074/ബി1/2023/സ്റ്റേ നമ്പർ കത്ത്.
3. 16.10.2023-ലെ ഡിപിസി യോഗനടപടി കുറിപ്പ്.

**<u>ഉത്തരവ്</u>**

2024 വർഷത്തെ സർക്കാർ ഡയറി അച്ചടിക്കുന്നതിനാവശ്യമായ 124 മെ.ടൺ സുപ്പർ പ്രിന്റിംഗ് പേപ്പർ (70 ജി.എസ്.എം., 76 സെ.മി.റിൽ) വാങ്ങുന്നതിനായി പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം സ്റ്റേഷനറി കൺട്രോളർക്ക് അനുമതി നൽകിയിരുന്നു.

(2) പ്രസ്തുത പേപ്പർ വാങ്ങുന്നതിനായി പേപ്പർ മില്ലുകൾ / വിതരണക്കാർ എന്നിവരിൽ നിന്നും വകുപ്പ് e-procurement പോർട്ടലിലും, GeM പോർട്ടലിലും ദർഘാസുകൾ ക്ഷണിച്ചിരുന്നു. ദർഘാസിൽ ലഭിച്ച L1 നിരക്ക് (98189.28/- രൂപ/മെ.ടൺ) അനുസരിച്ച് 124 മെ.ടൺ സുപ്പർ പ്രിന്റിംഗ് പേപ്പർ 70 ജി.എസ്.എം, 76 സെ.മീ.റീൽ വാങ്ങുമ്പോഴുള്ള ആകെ ചെലവ് (+5% ക്വാണ്ടിറ്റി ടോളറൻസോടു കൂടി) 1,27,84,244/- രൂപ (ഒരു കോടി ഇരുപത്തി ഏഴ് ലക്ഷത്തി എൺപത്തി നാലായിരത്തി ഇരുന്നൂറ്റി നാല്പത്തി നാല് രൂപ മാത്രം) സ്റ്റേഷനറി കൺട്രോളറുടെ സാമ്പത്തികാധികാര പ്രിധി (50 ലക്ഷം) അധികരിക്കുന്നതാകയാൽ പ്രസ്തുത പേപ്പർ വാങ്ങുന്നതിന് ഡി പി.സി.യുടെ പരിഗണനയ്ക്ക് സമർപ്പിച്ച് പർച്ചെയ്സ് അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (2) കത്ത് പ്രകാരം സ്റ്റേഷനറി കൺട്രോളർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. 16.10.2023-ന് കൂടിയ വകുപ്പുതല പർച്ചേസ് കമ്മിറ്റി പ്രൊപ്പോസൽ പരിശോധിക്കുകയും ആയതിന് ശിപാർശ നൽകുവാനും തീരുമാനിക്കുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡിപ്പാർട്ട്മെന്റൽ പർച്ചേസ് കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ (ചുവടെ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളതനുസരിച്ചു) സ്റ്റോർ പർച്ചേസ്

മാന്വവലിലെ വ്യവസ്ഥകൾക്കു വിധേയമായി 2024 വർഷത്തെ സർക്കാർ ഡയറി അച്ചടിക്കുന്നതിനാവശ്യമായ 124 മെ.ടൺ സുപ്പർ പ്രിന്റിംഗ് പേപ്പർ (70 ജി.എസ്.എം., 76 സെ.മീ.റിൽ), +5% ക്വാണ്ടിറ്റി ടോളറൻസോടു കൂടി tendering നടപടിക്രമം പ്രകാരം ലഭ്യമായ L1 നിരക്കിൽ (98,189.28/- രൂപ/മെ.ടൺ ) ആകെ 1,27,84,244/- രൂപ (ഒരു കോടി ഇരുപത്തി ഏഴ് ലക്ഷത്തി എൺപത്തി നാലായിരത്തി ഇരുന്നൂറ്റി നാല്പത്തി നാല് രൂപ മാത്രം) ചുവടെ ചേർക്കും പ്രകാരം, സ്റ്റേഷനറി വകുപ്പിന്റെ 2058-00-101-99-24-Materials and Supplies എന്ന ശീർഷകത്തിൽ നിന്നും ചെലവഴിച്ച് വാങ്ങുന്നതിന് പർച്ചേസ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ഇന വിവരണം | L1 ബിഡർ | തുക |
|---|---|---|
| Super Printing Paper<br>70 GSM, 76 cm Reel<br>124 MT | M/s.Dixit Trading Company, Mumbai | 124മെ. ടൺ സൂപ്പർ പ്രിന്റിംഗ് മാപ്ലിത്തോ പേപ്പർ (70 GSM, 76cm റീൽ)+5% ക്വാണ്ടിറ്റി ടോളറൻസോടെ ആകെ 1,27,84,244/- രൂപ |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRAMOD V R
ജോയിന്റ് സെക്രട്ടറി

- സ്റ്റേഷനറി കൺട്രോളർ, തിരുവനന്തപുരം
- പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് കേരള) തിരുവനന്തപുരം.
- അക്കൗണ്ടന്റ് ജനറൽ (എ & ഇ, കേരള) തിരുവനന്തപുരം.
- ധനകാര്യ വകുപ്പ്
- അച്ചടി വകുപ്പ് ഡയറക്ടർ
- സ്റ്റോഴ്സ് പർച്ചെയ്സ് (ബി) വകുപ്പ്
- ഇൻഫോർമേഷൻസ് & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
- സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Bindu V K
സെക്ഷൻ ഓഫീസർ
Date: 31-10-2023 10:12:20